കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ് - പിറവന്തൂർ ഗ്രാമപഞ്ചായത്ത് - പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ് ടോപ് നൽകുന്ന പ്രോജക്ട് - അനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

തദ്ദേശ സ്വയം ഭരണ (ഡി എ) വകുപ്പ്

സ.ഉ(സാധാ)നം.616/2018/തസ്വഭവ തിരുവനന്തപുരം, തീയതി, 05.03.2018

---

വായന : 1) പിറവന്തൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 07.12.2017-ലെഎ 1-7680/17 നം കത്തും 04.12.2017-ലെ ഭരണസമിതി തീരുമാനവും

2) സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 06.02.2018 ലെ 4.35 നമ്പർ യോഗതീരുമാനം

**<u>ഉത്തരവ്</u>**

പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ് ടോപ് നൽകുന്ന പ്രോജക്ട് (പ്രോ.നം. 256/15, 251/18) 2017-18 വർഷം സ്പിൽ ഓവറായി തുടരുന്നുണ്ടെന്നും ടി പ്രോജക്ടിലെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട ചില വിദ്യാർത്ഥികൾക്കു കൂടി ലാപ് ടോപ് നൽകുന്നതിന് അനുമതി നൽകണമെന്നും വായന (1) പ്രകാരം പിറവന്തൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അഭ്യർത്ഥിക്കുകയുണ്ടായി.

2) ഇക്കാര്യം സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി പരിശോധിച്ചു. കമ്മിറ്റിയുടെ വായന (2) ലെ തീരുമാന പ്രകാരം പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ് ടോപ് നൽകുന്ന പ്രോജക്ടിലെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട പഠനം പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്കു കൂടി ലാപ് ടോപ് നൽകുന്നതിന് പിറവന്തൂർ ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
എൻ. വിശ്രുതൻ ആചാരി
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം
പ്രസിഡന്റ്, പിറവന്തൂർ ഗ്രാമ പഞ്ചായത്ത്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
ചെയർമാൻ, സംസ്ഥാന റിസോഴ്സ് ഗ്രൂപ്പ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം.
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ